# കേരള സർക്കാർ

നമ്പർ:11/2014/ധന

ധനകാര്യ (ബഡ്ജറ്റ്-എ) വകുപ്പ്
തിരുവനന്തപുരം
തീയതി: 13 ഫെബ്രുവരി 2014

## സർക്കുലർ

വിഷയം:- ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2011-2014) രണ്ടാമത് റിപ്പോർട്ട് - ശുപാർശ നടപ്പിലാക്കുന്നത് - സർക്കുലർ നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:- 23-10-2007 ലെ സർക്കുലർ നം.78/07/ധന

സംസ്ഥാന നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2004-06) യുടെ രണ്ടാമത് റിപ്പോർട്ടിലെ 17-ാം നമ്പർ ശുപാർശ പ്രകാരം ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി സ്വീകരിക്കുന്ന നടപടികളുടെ ചെലവിനായി 500 രൂപയിൽ കുറയാത്ത ഒരു തുക ഓരോവർഷവും ഓരോ ഓഫീസിനും അവയുടെ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിലെ '05-ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ' എന്ന ശീർഷകത്തിൽപെടുത്തി ചെലവിടാവുന്നതാണ് എന്ന് സൂചനയിലെ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് തലവന്മാർക്കും നിർദ്ദേശം നല്കിയിരുന്നു.

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2011-2014) യുടെ രണ്ടാമത് റിപ്പോർട്ടിലെ 46-ാം ശുപാർശ പ്രകാരം ഔദ്യോഗിക ഭാഷാ പ്രയോഗം സമയബന്ധിതമായും കാര്യക്ഷമമായും പ്രാവർത്തികമാക്കുന്നതിലേക്കായി എല്ലാ വകുപ്പുകളിലും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിനായി ഒരു പ്രത്യേക ശീർഷകം ലഭ്യമാക്കണമെന്നും വിവിധ വകുപ്പുകളിലെ പ്രവർത്തന മേഖലയുടെ വ്യാപ്തി കണക്കാക്കി പ്രസ്തുത ശീർഷകത്തിൽ മതിയായ തുക അനുവദിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഔദ്യോഗിക ഭാഷാ സമിതി (2011-14) യുടെ മേൽ നിർദ്ദേശപ്രകാരം ഔദ്യോഗിക ഭാഷാ പ്രയോഗം കാര്യക്ഷമമാക്കുന്നതിലേക്കുള്ള ചെലവുകൾ നേരിടുന്നതിനായി എല്ലാ വകുപ്പുകൾക്കും അവയുടെ പ്രവർത്തനമേഖലയുടെ വ്യാപ്തിയുടെ

അടിസ്ഥാനത്തിൽ ഒരു നിശ്ചിത തുക '26–ഔദ്യോഗിക ഭാഷാ പ്രയോഗം' എന്ന പുതിയ ഡീറ്റയിൽഡ് ശീർഷകത്തിൽ 2014 ജനുവരി മാസത്തെ ഉപധനാഭ്യർത്ഥന മുഖേന വകയിരുത്തിയിട്ടുണ്ട്. ടി വിഹിതം ഉപയോഗിച്ച് വകുപ്പുകളിൽ ഔദ്യോഗിക ഭാഷാപ്രയോഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലവന്മാർ സ്വീകരിക്കേണ്ടതാണ്.

**എ.രാധാകൃഷ്ണൻ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും,
എല്ലാ വകുപ്പു തലവന്മാർക്കും.

നോഡൽ ഓഫീസർ www.finance.kerala.gov.in

ഓഫീസ് പകർപ്പ് /സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ